ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 25.04.2024**

## പ്രധാനവാർത്തകൾ

1. നാളെ നടക്കുന്ന രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. വോട്ടെടുപ്പ് 12 സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും 88 സീറ്റുകളിലേയ്ക്ക്.

2. കേരളത്തിലും വിധിയെഴുത്ത് നാളെ. വോട്ടെടുപ്പിനുള്ള സജ്ജീകരണങ്ങൾ പൂർണം. 20 സീറ്റുകളിലേയ്ക്ക് 194 സ്ഥാനാർത്ഥികൾ. വോട്ടെടുപ്പ് രാവിലെ 7 മുതൽ വൈകിട്ട് ആറുവരെ.

3. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ അടുത്ത ഘട്ടങ്ങളിലേയ്ക്കുള്ള പ്രചാരണം സജീവം. റോഡ്ഷോകളും റാലികളും നടത്തി വിവിധ രാഷ്ട്രീയ കക്ഷികൾ.

4. കേരളത്തിൽ അത്യുഷ്ണം തുടരുന്നു. പാലക്കാട് ജില്ലയിൽ നാളെ വരെ ഉഷ്ണതരംഗത്തിന് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം.

5. ലോക സമാധാനത്തിനായി യുക്രൈൻ, ഇസ്രായേൽ, തായ്‌വാൻ എന്നീ രാജ്യങ്ങൾക്കായുള്ള 95 ബില്യൺ യു.എസ് ഡോളറിന്റെ സഹായ പാക്കേജിൽ യു.എസ് പ്രസിഡന്റ് ഒപ്പുവച്ചു.

6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ്, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവിനെ നേരിടും.

*************************************

**തിരഞ്ഞെടുപ്പ്- 2,4,5 ഘട്ടം**

രണ്ടാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. നാളെ വോട്ടെടുപ്പ് നടക്കുന്നത് 12 സംസ്ഥാനങ്ങളിലെയും ഒരു കേന്ദ്രഭരണ പ്രദേശത്തെയും 88 സീറ്റുകളിലേയ്ക്കാണ്. കേരളത്തിനുപുറമേ കർണാടകയിലെ 14 ഉം, രാജസ്ഥാനിലെ 13 ഉം ഉത്തർപ്രദേശ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ എട്ട് വീതം മണ്ഡലങ്ങളിലും, മധ്യപ്രദേശിൽ ഏഴിടത്തുമാണ് വോട്ടെടുപ്പ്. അസം, ബിഹാർ എന്നിവിടങ്ങളിലെ അഞ്ച് വീതം സീറ്റുകളിലും, ഛത്തീസ്ഗഢ്, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ മൂന്ന് വീതം മണ്ഡലങ്ങളിലും മണിപ്പൂരിലെയും, ത്രിപുരയിലെയും ജമ്മുകശ്മീരിലെയും ഓരോ മണ്ഡലത്തിലും രണ്ടാം ഘട്ടത്തിലാണ് വോട്ടെടുപ്പ്.

RNU TVPM

നാലാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ നാമ നിർദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്ന് അവസാനിക്കും. പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെയാണ്. അടുത്ത മാസം 13 ന് വോട്ടെടുപ്പ് നടക്കുന്ന നാലാംഘട്ടത്തിൽ പത്രിക പിൻവലിക്കാനുള അവസാന തീയതി ഈ മാസം 29 ആണ്. അഞ്ചാംഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വിജ്ഞാപനം നാളെ പുറപ്പെടുവിക്കും. അടുത്തമാസം 20 നാണ് വോട്ടെടുപ്പ്.

*************************************

## പി.എം-തിരഞ്ഞെടുപ്പ് പ്രചാരണം

ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണത്തിനായി പ്രധാനമന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ നരേന്ദ്രമോദി മധ്യപ്രദേശിലെത്തി. മൊറേനയിലെ പോലീസ് പരേഡ് ഗ്രൗണ്ടിൽ നടന്ന പൊതുസമ്മേളനത്തെ അദ്ദേഹം അഭിസംബോധന ചെയ്തു. നാലാം ഘട്ടത്തിൽ മധ്യപ്രദേശിലെ 8 ലോക്സഭാ മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ് നടക്കുന്നത്. ഇന്നാണ് പത്രിക പിൻവലിക്കാനുള്ള അവസാന ദിവസം. അതെസമയം, കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി മഹാരാഷ്ട്രയിലെ അമരാവതിയിൽ ഇന്നലെ നടന്ന തിരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുത്തു.

***************************************

PRD TVPM

## തിരഞ്ഞെടുപ്പ്-1

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പിന് ഇനി മണിക്കൂറുകൾ മാത്രം. നാളെ രാവിലെ **ഏഴ്** മുതൽ വൈകിട്ട് **ആറ്** മണി വരെയാണ് വോട്ടെടുപ്പ്. വോട്ടിങ് യന്ത്രങ്ങളുടെയും മറ്റ് പോളിങ് സാമഗ്രികളുടെയും വിതരണം ആരംഭിച്ചു. പ്രത്യേകം സജ്ജമാക്കിയ കേന്ദ്രങ്ങളിലാണ് വിതരണം. പരസ്യ പ്രചാരണം അവസാനിച്ചതോടെ വീടുകൾ കയറിയിറങ്ങിയുള്ള നിശബ്ദ പ്രചാരണമാണ് ഇന്ന്. നിശബ്ദ പ്രചാരണത്തിന്റെ സമയപരിധിയിൽ ഉച്ചഭാഷിണികളുടെ ഉപയോഗം, ജാഥകൾ, പ്രകടനങ്ങൾ എന്നിവ പാടില്ല. നിയമവിരുദ്ധമായി ആളുകൾ കൂട്ടം ചേരുകയോ പൊതുയോഗങ്ങൾ സംഘടിപ്പിക്കുകയോ ചെയ്യുന്നതിനും വിലക്കുണ്ട്. മദ്യവിതരണത്തിനും വിൽപനക്കും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. എക്സിറ്റ് പോളുകൾക്കും നിരോധനമുണ്ട്. തിരഞ്ഞെടുപ്പ് ദിവസങ്ങളിലെ തിരക്ക് ഒഴിവാക്കാൻ മംഗളൂരു സെൻട്രൽ -

കൊച്ചുവേളി, കൊച്ചുവേളി - മംഗളൂരു സെൻട്രൽ സ്പെഷ്യൽ എക്സ്പ്രസുകൾ പ്രത്യേക സർവ്വീസ് നടത്തും.

**************************************

## തിരഞ്ഞെടുപ്പ് ഒരുക്കം

സംസ്ഥാനത്ത് 20 ലോക്സഭാ മണ്ഡലങ്ങളിലായി **രണ്ട് കോടി** 77 ലക്ഷത്തി 49,159 വോട്ടർമാരാണ് നാളെ സമ്മതിദാനാവകാശം വിനിയോഗിക്കുന്നത്. ഇതിൽ 5 ലക്ഷത്തി 34,394 പേർ കന്നി വോട്ടർമാരാണ്. കന്നി വോട്ടർമാർ ഉൾപ്പെടെ എല്ലാവരും സമ്മതിദാനാവകാശം വിനിയോഗിച്ച് രാഷ്ട്ര നിർമ്മാണത്തിൽ പങ്കാളികളാവണമെന്ന് മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൌൾ അഭ്യർത്ഥിച്ചു. 194 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. 2,776 മാതൃകാ പോളിംഗ് ബൂത്തുകൾ ഉൾപ്പെടെ ആകെ 25,000 ത്തിലേറെ ബൂത്തുകളാണ് സജ്ജമാക്കിയിട്ടുള്ളത്. ഒന്നര ലക്ഷത്തിലധികം ഉദ്യോഗസ്ഥരെയാണ് തിരഞ്ഞെടുപ്പ് ജോലികൾക്കായി നിയോഗിച്ചിട്ടുള്ളത്. എല്ലാ പോളിംഗ് ബൂത്തുകളിലും അടിസ്ഥാന സൗകര്യങ്ങൾക്കു പുറമെ ഉയർന്ന പകൽ ചൂട് കണക്കിലെടുത്ത് കാത്തിരിപ്പ് കേന്ദ്രങ്ങളും സജ്ജമാക്കിയിട്ടുണ്ട്.

**************************************

## തിരഞ്ഞെടുപ്പ്-സുരക്ഷ

തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് പഴുതടച്ച സുരക്ഷാ ക്രമീകരണങ്ങളാണ് സംസ്ഥാനത്ത് ഒരുക്കിയിട്ടുള്ളത്. 41,976 പോലീസ് ഉദ്യോഗസ്ഥരെയാണ് തിരഞ്ഞെടുപ്പ് ജോലികൾക്കായി നിയോഗിച്ചിരിക്കുന്നത്. സിവിൽ പോലീസ് ഓഫീസർമാരും ആംഡ് പോലീസ് ബറ്റാലിയനിൽ

RNU TVPM

നിന്നുള്ള പോലീസ് ഉദ്യോഗസ്ഥരും ഉൾപ്പെടെ വിവിധ കേന്ദ്രസേനകളിൽ നിന്നുള്ള ഉദ്യോഗസ്ഥരും തിരഞ്ഞെടുപ്പിൽ സുരക്ഷാ ചുമതല നിർവഹിക്കും. ഇതിനുപുറമേ ഹോം ഗാർഡ്, തമിഴ്നാട് പോലീസ്, സ്പെഷ്യൽ പോലീസ് ഓഫീസർമാർ എന്നിവരും തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ ഉണ്ടാകും.

************************************

**തിരുവനന്തപുരം (ഇൻട്രോ)**

തലസ്ഥാന ജില്ലയായ തിരുവനന്തപുരത്ത് നാളെ നടക്കുന്ന ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം പ്രതിനിധി **രെജു കോലിയക്കോട്....**

**(വോയിസ്)**

************************************

RNU TVPM

**ഉദ്യോഗസ്ഥ ഹാജരായില്ല**

തൊടുപുഴയിൽ പോളിങ് സാമഗ്രികൾ വാങ്ങാൻ ഉദ്യോഗസ്ഥ ഹാജരാകാത്തതിനെ തുടർന്ന് നടപടിക്ക് ശുപാർശ ചെയ്ത് തിരഞ്ഞെടുപ്പ് കമ്മീഷൻ. അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർ അരുൺ എസ്. നായരുടെതാണ് നടപടി. കട്ടപ്പന മുൻസിഫ് കോടതി ജീവനക്കാരിയാണ് ഹാജരാകാതിരുന്നത്. ഉദ്യോഗസ്ഥയെ ഫോണിലും ബന്ധപ്പെടാനാകാത്ത സാഹചര്യത്തിൽ വിശദീകരണം തേടുമെന്നും ആവശ്യമെങ്കിൽ അറസ്റ്റ് വാറണ്ട് പുറപ്പെടുവിക്കുമെന്നും അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർ

അറിയിച്ചു. ഹാജരാകാത്ത ഉദ്യോഗസ്ഥക്ക് പകരം ആളെ ചുമതലപ്പെടുത്തിട്ടുണ്ട്.

************************************

## ഇടമലക്കുടി

സംസ്ഥാനത്തെ വിദൂര ആദിവാസി ഗ്രാമമായ ഇടമലക്കുടിയിൽ ദേവികുളം സബ് കളക്ടർ വി.എം.ജയകൃഷ്ണനിൽ നിന്നും പോളിംഗ് ഉദ്യോഗസ്ഥർ തെരഞ്ഞെടുപ്പു സാമഗ്രികൾ ഏറ്റുവാങ്ങി. തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കൊപ്പം പോലീസുദ്യോഗസ്ഥരും വയർലസ് ടീം, വനപാലകർ എന്നിവരും സംഘത്തിലുണ്ട്. സംസ്ഥാനത്തെ ഏക ഗോത്രവർഗ പഞ്ചായത്തായ ഇടമലക്കുടിയിൽ ഇത്തവണ വോട്ട് രേഖപ്പെടുത്തുന്നത് 1,844 വോട്ടർമാർ. 85 വയസ്സിന് മുകളിൽ പ്രായമുള്ള 10 വോട്ടർമാരും ഇതിലുൾപ്പെടുന്നുണ്ട്. ഇവരിൽ ഭൂരിഭാഗവും വീട്ടിൽ വോട്ട് ചെയ്ത് കഴിഞ്ഞു. ഇടമലക്കുടി ട്രൈബൽ സ്കൂൾ, മുളകുത്തറക്കുടി കമ്മ്യൂണിറ്റി ഹാൾ, പറപ്പയാർക്കുടി ഇ.ഡി.സി സെന്റർ എന്നിങ്ങനെ മൂന്നു ബൂത്തുകളാണിവിടെയുള്ളത്.

RNU TVPM

************************************

## തിരഞ്ഞെടുപ്പ് പ്രശ്നോത്തരി

തിരഞ്ഞെടുപ്പ് ബോധവത്ക്കരണത്തിന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസ് പൊതുജനങ്ങൾക്കായി സംഘടിപ്പിച്ച തിരഞ്ഞെടുപ്പ് പ്രശ്നോത്തരി മെഗാഫൈനലിൽ തിരുവനന്തപുരത്തെ അയ്യപ്പദാസും, ജിതിൻ K ജോണും ഉൾപ്പെട്ട ടീം ജേതാക്കളായി. സംസ്ഥാനത്തെ ആറ് കോർപറേഷനുകളിലെ മത്സരം വിജയിച്ചെത്തിയ ആറ് ടീമുകളാണ് മെഗാഫൈനലിൽ പങ്കെടുത്തത്.

***********************************

## യുഎസ്-സഹായ പാക്കേജ്

യുക്രെൻ, ഇസ്രായേൽ, തായ്‌വാൻ എന്നീ രാജ്യങ്ങൾക്കുള്ള 95 ബില്യൺ യു.എസ് ഡോളറിന്റെ സഹായ പാക്കേജിൽ യു.എസ് പ്രസിഡന്റ് ജോ ബൈഡൻ ഒപ്പുവച്ചു. ലോക സമാധാനത്തിന് ഈ സഹായം ഏറെ ഉപകരിക്കുമെന്ന് ബിൽ ഒപ്പുവച്ചശേഷം വൈറ്റ്ഹൗസിൽ അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. മാസങ്ങൾ നീണ്ട ചർച്ചകൾക്കൊടുവിലാണ് യു.എസ് സെനറ്റ് സഹായപാക്കേജിന് അംഗീകാരം നൽകിയത്. 18 നെതിരെ 79 വോട്ടുകൾക്കാണ് ബിൽ സെനറ്റിൽ പാസായതെന്നും യു.എസ് പ്രസിഡന്റ് അറിയിച്ചു. യുക്രൈന് 61 ബില്യൺ ഡോളറും ഇസ്രായേലിന് 26 ബില്യൺ ഡോളറും ഇന്തോപെസഫിക് മേഖലയ്ക്ക് 8 ബില്യൺ ഡോളറും സഹായം ലഭ്യമാക്കുന്നതാണ് പുതിയ പാക്കേജ്. ഇതിന് പുറമെ അമേരിക്കയിൽ ടിക്ക് ടോക്ക് നിരോധിക്കുന്ന ബില്ലും പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

RJUTVPM

***********************************

## മനോജ് പാണ്ഡെ

ആധുനികവത്കരണത്തിനും നൂതന സാങ്കേതികവിദ്യകൾ പ്രാപ്തമാക്കുന്നതിനും സേനയെ സജ്ജമാക്കുന്നതിന് സൈന്യം പ്രതിബദ്ധമാണെന്ന് കരസേനാ മേധാവി ജനറൽ മനോജ് പാണ്ഡെ. ന്യൂഡൽഹിയിൽ കരസേന സംഘടിപ്പിച്ച സെമിനാറിൽ സംസാരിക്കുകയായിരുന്നു കരസേനാ മേധാവി.

***********************************

ഓഹരി + സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 60 പോയിന്റ് ഉയർന്ന് 73,912 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 8 പോയിന്റ് നേട്ടത്തിൽ 22,410 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. പവന് 280 രൂപ കുറഞ്ഞ് 53,000 രൂപയും ഗ്രാമിന് 6,625 രൂപയുമാണ് ഇന്നത്തെ വില.

************************************

പാലക്കാട് (ഇൻട്രോ)

കേരളത്തിൽ അത്യുഷ്ണം തുടരുന്നു. പാലക്കാട് ജില്ലയിൽ വെള്ളിയാഴ്ച വരെ ഉഷ്ണതരംഗ സാഹചര്യം നിലനിൽക്കുമെന്ന കാലാവസ്ഥാ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ വകുപ്പിന്റെ നിർദ്ദേശം. കടുത്ത ചൂട് ജില്ലയിൽ ജലവിതരണം, കൃഷി എന്നിവയെ സാരമായി ബാധിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് പ്രതിനിധി **ഫൈസൽ അലിമുത്ത്......**

(വോയ്സ്)

************************************

ഉഷ്ണതരംഗം

ഇന്ത്യൻ ഉപദ്വീപിന്റെ കിഴക്ക് -തെക്ക് ഭാഗങ്ങളിൽ അടുത്ത അഞ്ച് ദിവസംകൂടി ഉഷ്ണതരംഗം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ബിഹാർ, ഝാർഖണ്ഡ്, ആന്ധ്രാപ്രദേശ് തീരപ്രദേശം, തെലങ്കാന എന്നിവിടങ്ങളിൽ

RNU TVPM

തീവ്ര ഉഷ്ണതരംഗമായിരിക്കും അനുഭവപ്പെടുക. സാധാരണയിൽ നിന്നും രണ്ടു മുതൽ മൂന്നു ഡിഗ്രി സെൽഷ്യസ് വരെ പകൽ താപനില ഉയരാൻ സാധ്യത. അതെസമയം, വടക്കു-പടിഞ്ഞാറൻ മേഖലകളിൽ നാളെ മുതൽ ഞായറാഴ്ച വരെ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു. മഴയോടൊപ്പം ശക്തമായ ഇടിമിന്നലിനും കാറ്റിനും സാധ്യതയുണ്ട്.

***************************************

## ഐപിഎൽ

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് സൺറൈസേഴ്സ് ഹൈദരാബാദ് റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. രാത്രി 7.30 നാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ഡൽഹി ക്യാപിറ്റൽസ് ഗുജറാത്ത് ടൈറ്റൻസിനെ നാല് റൺസിന് പരാജയപ്പെടുത്തി. ആദ്യം ബാറ്റ് ചെയ്ത ഡൽഹി ഉയർത്തിയ 224 റൺസ് വിജയം പിന്തുടർന്ന ഗുജറാത്തിന് എട്ടു വിക്കറ്റ് നഷ്ടത്തിൽ 220 റൺസ് നേടാനെ സാധിച്ചുള്ളൂ.

RNU TVPM

***************************************

## ഹൃദയം മാറ്റിവയ്ക്കൽ

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിൽ 10-ാമത്തെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടന്നു. മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ.ജയകുമാറിന്റെ നേതൃത്വത്തിലാണ് ശസ്ത്രക്രിയ നടത്തിയത്. മസ്തിഷ്ക മരണം സംഭവിച്ച തമിഴ്നാട് കന്യാകുമാരി സ്വദേശിയുടെ ഹൃദയമാണ് ആലപ്പുഴ സ്വദേശിക്ക് മാറ്റിവച്ചത്. അവയവ ദാനത്തിന് സമ്മതം നൽകിയ ബന്ധുക്കളെ ആരോഗ്യ

മന്ത്രി വീണാ ജോർജ് ആദരവറിയിച്ചു. ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ഡോക്ടർമാരുടെ സംഘത്തെ മന്ത്രി അഭിനന്ദിച്ചു.

***********************************

**ഉത്തർപ്രദേശ്- അപകടം**

ഉത്തർപ്രദേശിൽ വാഹനാപകടത്തിൽ നാല് മരണം. ഫെഫ്ന-ബക്സർ ദേശീയ പാതയിലാണ് അപകടം. ഒരാൾക്ക് പരിക്കേറ്റു. മറ്റൊരു വാഹനത്തെ മറികടക്കുന്നതിനിടെ കാർ നിയന്ത്രണം വിട്ട് മരത്തിലിടിച്ച് മറിഞ്ഞാണ് അപകടം ഉണ്ടായത്.

***********************************

**ഉദ്യോഗസ്ഥൻ കാറിടിച്ചു മരിച്ചു**

RNU TVPM

കായംകുളത്ത് തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്ക് പോയ ഉദ്യോഗസ്ഥൻ കാറിടിച്ചു മരിച്ചു. എംഎസ്എം കോളേജിന് സമീപം ദേശീയപാതയിൽ ഇന്ന് പുലർച്ചെയായിരുന്നു അപകടം. ലാൻഡ് റവന്യൂ വകുപ്പ് ഉദ്യോഗസ്ഥനായ കായംകുളം പുല്ലുകുളങ്ങര സ്വദേശി ബാലുവാണ് മരിച്ചത്.

***********************************

**കൊട്ടിയൂർ - പ്രക്കുഴം**

കണ്ണൂർ കൊട്ടിയൂർ ക്ഷേത്രത്തിലെ വൈശാഖോത്സവത്തിന്റെ നാളുകുറിക്കുന്ന പ്രക്കുഴം ചടങ്ങുകൾ ഇന്ന് നടക്കും. ഇക്കരെ കൊട്ടിയൂർ ക്ഷേത്രത്തിൽ അവൽ, നെയ്യ് എഴുന്നള്ളത്തുകൾ എത്തുന്നതോടെയാണ് ചടങ്ങുകൾ ആരംഭിക്കുക.

*******************************************************